പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 814 28.09.2011 ൽ മറുപടിക്ക്

## എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ നടപടി

ചോദ്യം
ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച് ഗതാഗത കമ്മീഷണർ സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനെതിരെ ജീവനക്കാരിൽ നിന്നും എതിർപ്പുകളുണ്ടായിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനും നികുതിയും പിഴയും കൃത്യമായി ഈടാക്കുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർ മുഖ്യമന്ത്രിക്കു സമർപ്പിച്ച മുഖ്യ ശുപാർശകൾ എന്തൊക്കെയാണ്? | (സി) | ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ 4 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 17 ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 47 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, 141 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നിവർ അടങ്ങിയ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കണമെന്നതാണ് ഗതാഗത കമ്മീഷണറുടെ പ്രധാന ശുപാർശ. |

സെക്ഷൻ ഓഫീസർ